# ഗവ: ന്യു എൽ. പി. എസ്.
# പുറക്കാട്



# അക്കാദമിക മാസ്റ്റർ പ്ലാൻ

2025 -26

# ആമുഖം

പൊതുവിദ്യാഭ്യാസ മേഖലയിലെ ഗുണമേന്മ ഉയർത്തുന്നതിനും അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനും ആയി പൊതുവിദ്യാഭ്യാസ വകുപ്പ് വിഭാവനം ചെയ്ത പദ്ധതിയാണ് സമഗ്രഗുണമേന്മ പദ്ധതി. വിദ്യാലയങ്ങളുടെ ഭൌതികാന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനോടൊപ്പം പൊതു സമൂഹത്തിന്റെ പിന്തുണയോടെ അക്കാദമിക മികവിലേക്കുയരുന്ന പ്രവാര്ത്തനങ്ങൾ ആണ് വിദ്യാലയങ്ങളില് നടപ്പാക്കേണ്ടത്. എല്ലാ വിഭാഗം കുട്ടികളേയും പരിഗണിച്ച് കൊണ്ടുള്ള പ്രവാര്ത്തനങ്ങൾ ക്ലാസ് മുറിയിൽ നടക്കണം.

അറിവ് വ്യത്യസ്ത സന്ദർഭങ്ങളിൽ ഫലപ്രദമായി പ്രയോജനപ്പെടുത്താനുതകുന്ന തരത്തിലുള്ള ഒരു മാസ്റ്റര് പ്ലാൻ ആണ് ന്യൂ എൽ പി എസ് പുറക്കാട് വിഭാവന ചെയ്തിരിക്കുന്നതു.

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നിര്ദേശ പ്രകാരം സ്കൂൾ തുറന്നു ആദ്യത്തെ രണ്ടാഴ്ച ഓരോ ദിവസത്തെയും തീം അനുസരിച്ച് ക്ലാസ്സുകൾ ക്രമീകരിച്ചിരിക്കുന്നു.

കൂടാതെ ഒന്നു മുതൽ നാലു വരെ ക്ലാസ്സുകളിൽ ആദ്യത്തെ രണ്ടാഴ്ച പൊതു വിദ്യാഭ്യാസ വകുപ്പിന്റെ നിര്ദേശ പ്രകാരം module അനുസരിച്ചുള്ള സന്നദ്ധ പ്രവര്ത്തനങ്ങൾ നല്കി കുട്ടികളെ പഠനലക്ഷ്യങ്ങൾ നേടുന്നതിനായി പ്രാപ്തരാക്കുന്നു.

# പ്രവർത്തന കലണ്ടർ

| ക്രമനമ്പ-ർ | പ്രവർത്തനം | ഗുണഭോക്താക്കൾ | നിർവഹ-ണ കാലം | റിമാർക്സ് |
|---|---|---|---|---|
| 1 | വായനോത്സവം | I,II,III,IV ക്ലാസ്സിലെ കുട്ടികൾ | ജൂൺ-മാർച്ച് | |
| 2 | സ്കൂൾ പത്രം - "നാമ്പ്" | STD I-IV | ജൂലൈ-മാർച്ച് | |
| 3 | റീഡേഴ്സ് തീയേറ്റർ | STD I-IV | ജൂൺ-മാർച്ച് | |
| 4 | ക്ലാസ് പി . ടി .എ | STD I-IV | ജൂൺ-മാർച്ച് | |
| 5 | പാട്ടരങ്ങ് | STD I,II | ജൂൺ-മാർച്ച് | |
| 6 | സംയുക്ത ഡയറി | STD I,II | ജൂലൈ-മാർച്ച് | |
| 7 | സർഗോത്സവം | STD I-IV | ജൂൺ-മാർച്ച് | |
| 8 | രചനോത്സവം | STD II-IV<br>STD I | ജൂൺ-മാർച്ച്<br>ഡിസംബർ-മാർച്ച് | |

# പ്രവർത്തന വിശദാംശങ്ങൾ

## വായനോത്സവം

<u>ജൂൺ</u>

- വിവിധ ക്ലാസുകളിലേക്കുള്ള ക്ലാസ് ലൈബ്രറികൾ സജ്ജമാക്കുന്നു.
- പ്രത്യേക ക്ലാസ്സ് പി. ടി. എ

<u>ജൂലൈ</u>

- പുസ്തകങ്ങൾ നൽകി അസംബ്ലിയിൽ പുസ്തക പരിചയം, ആസ്വാദനകുറിപ്പ് അവതരണം.
- ക്ലാസ്സ് 1 ലെ കുട്ടികൾ ഭാവാത്മകമായി കഥ അവതരിപ്പിക്കുന്നു, സംയുക്ത ഡയറി തുടക്കം കുറിക്കുന്നു.

<u>ആഗസ്റ്റ്</u>

- ക്ലാസുകളിൽ വിവിധ വ്യവഹാര രൂപങ്ങളിലൂടെ കടന്നു പോകുന്നു.
- സ്കൂൾ പത്രം "നാമ്പ്" പ്രകാശനം.

<u>സെപ്റ്റംബർ</u>

- വിവിധ ക്ലാസുകളിലെ തിരഞ്ഞെടുത്ത രചനകൾ ഉൾപെടുത്തി "നാമ്പ്" മെച്ചപ്പെടുത്തുന്നു.
- വിദ്യാരംഗം ക്ലബ് ചുമതല.

ഒക്ടോബർ

- അമ്മ വായന - മികച്ച വായനക്കാർ, കഥ അവതരണം വിവിധ വ്യവഹാര രൂപങ്ങളിൽ ഏർപെടാനുള്ള അവസരങ്ങൾ നല്കുന്നു.

നവംബർ,ഡിസംബർ

- രചനോത്സവം.
- റീഡേഴ്സ് തിയറ്റർ - ഡിജിറ്റൽ പതിപ്പ് തയ്യാറാക്കൽ .
- അവതരണം..

ജനുവരി, ഫെബ്രുവരി

- ബാലസാഹിത്യ കൃതികൾ പ്രസിദ്ധീകരണം.
- സംയുക്ത ഡയറി ഡിജിറ്റൽ പതിപ്പ്.
- "നാമ്പ്" - വിജയ പ്രഖ്യാപനം.
- പഠനോത്സവം.

മാർച്ച്

- സർഗാത്മക സാമൂഹിക പങ്കാളിത്തത്തോടെ അവതരണം.
- രചനകളിൽ, ഭാഷോത്സവത്തിൽ പങ്കാളികളായ രക്ഷിതാക്കൾക്കും, കുട്ടികൾക്കും അനുമോദനം.

## രചനോത്സവം

ആശയാവതരണ രീതിപ്രകാരമുള്ള ഭാഷാപഠനത്തിൽകുട്ടിയുടെ ആശയ പ്രകാശനത്തിന് ആസ്വാദ്യമായ രചന പ്രവർത്തനങ്ങൾ ആവശ്യമാണ്. ഒന്ന്, രണ്ട് ക്ലാസുകൾക്ക് പ്രത്യേകിച്ച്, സൃഷ്ടികൾ സ്വന്തമായി രചിക്കാനും, മറ്റുള്ളവരുടെ രചനയിൽ പങ്കാളി യാകാനും സാധിക്കുന്നു

### ലക്ഷ്യങ്ങൾ

- സ്വതന്ത്ര രചനക്ക് അവസരം
- കുട്ടികളുടെ സർഗാത്മക ശേഷി വികാസം
- രചനകൾ സമൂഹവുമായി പങ്കിടുന്നു

### പ്രക്രിയ വിശദാംശം

മൂന്ന്, നാല് ക്ലാസുകളിലെ കുട്ടികൾക്ക് വിവിധ വ്യവഹാര രൂപങ്ങൾ സ്കൂൾ പത്രത്തിൽ തിരഞ്ഞെടുത്തവ ചേർക്കുന്നു. ഒന്നാം ക്ലാസുകാർക്ക് ചിത്രങ്ങൾ നോക്കി ചെറുവാക്യങ്ങളാക്കുന്നു. ഡിസംബർ മാസത്തോടെ ഈ പ്രവർത്തനം ആരംഭിക്കാം.

## പാട്ടരങ്ങ്

ഒന്ന്,രണ്ട് ക്ലാസുകളിൽ ഭാഷാ പഠനവുമായി ബന്ധപ്പെട്ട് പാട്ടിന് വളരെ പ്രാധാന്യമുണ്ട്. കുട്ടികളിൽ പഠന താല്പര്യം ഉണ്ടാക്കുവാനും പഠനം ആസ്വാദകരമാക്കുവാനും ഇത് മൂലം സാധിക്കുന്നു.

## ലക്ഷ്യങ്ങൾ

- സർഗാത്മക വികാസം
- താളബോധം
- പഠന താല്പര്യം വളർത്തുന്നു.
- അവതരണത്തിനുള്ള മികവ്
- വായ്ത്താരികൾ താളത്തിൽ ചൊല്ലുന്നതിന് സഹായിക്കുന്നു

## പ്രവർത്തന വിശദാംശങ്ങൾ

ക്ലാസുകളിൽ  വിവിധ കവിതകൾ, പാട്ടുകൾ ചൊല്ലുന്നതിന് ചെറു സദസ്സുകളിൽ വാദ്യോപകരണങ്ങളുടെ അകമ്പടിയോടെ അവതരിപ്പിക്കാൻ അവസരം. വായ്താരികൾ ചൊല്ലുവാനും, സഭാകമ്പം ഇല്ലാതെയാക്കുവനും സാധിക്കുന്നു.

# റീഡേഴ്സ് തിയറ്റർ

പാഠപുസ്തകത്തിലുള്ളതും, പുറത്തുള്ളതുമായ രചനകൾ തിരഞ്ഞെടുക്കാം. വായനക്കുള്ള അവസരമാണ് റീഡേഴ്സ് തിയറ്റർ ഒരുക്കുന്നത്. ചുമതലകൾ വിഭജിച്ചും, പരസ്പരം സഹായിച്ചും ടീം എന്ന നിലയിൽ പ്രവർത്തിക്കാൻ അവസരം.

## ലക്ഷ്യങ്ങൾ

- ഭാവം ഉൾകൊണ്ട് ശബ്ദ വ്യതിയാനത്തോ ടെ സദസ്സിനു മുൻപാകെ ഉച്ചത്തിൽ വായന നടത്താനും അവതരിപ്പിക്കാനും ഉള്ള കഴിവ്.

## പ്രവർത്തനങ്ങൾ

- ക്ലാസ്സ് പി. ടി. എ യിൽ ചർച്ച.
- ഭാഷോത്സവത്തിന്റെ ഭാഗമായി ഉദ്ഘാടനം .
- കഥാപാത്രങ്ങൾ, സംഭാഷണങ്ങൾ തിരഞ്ഞെടുക്കുന്നു.
- ക്രമം മനസ്സിലാക്കുന്നു.
- അവതാരക അവതരണം ചിട്ടപെടുത്തുന്നു.
- റിഹേഴ്സൽ.
- വേദിയിൽ അവതരണം

## കുട്ടികളിലുണ്ടാകുന്ന മാറ്റം.

- വായന പരിപോഷിക്കാം
- പഠന താല്പര്യം വർദ്ധിപ്പിക്കാം
- ഭാവാത്മക വായന.
- താളാത്മക വായന.
- അവതരണ മികവ്.
- വിവിധ വ്യവഹാര രൂപങ്ങൾ പരിചയ പെടുത്തൽ.
- ലേഖനം മെച്ചപെടുന്നു.
- പഠനം ആസ്വാദകരമാകുന്നു.
- ഈണത്തിലും താളത്തിലും പാട്ടുകൾ വായിതാരികൾ ചൊല്ലുന്നു.
- രക്ഷിതാക്കളുടെ കുട്ടികളുടെ പഠനത്തിൽ പങ്കാളികളാകുന്നു.
- സഹവർത്തിത വായന മെച്ചപ്പെടുന്നു.